# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)835/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/09/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
എ.ഡി.സി.(ജനറൽ),എറണാകുളം
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.-ഇ.കെ.എം.(ബി.പി.)835/2025 തീയ്യതി: 11/09/2025

## എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിനി.എം.വി | ജോയിന്റ് ഡയറക്ടർ | 03-07-2025 | 11-07-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-07-2025 | 11-07-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രവീൺ ഷേണായി ഓഡിറ്റ് ഓഫീസർ
ശ്രീ. സജീവ് എൻ.എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കവിത.എസ്. കണ്ണൻ സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി തുളസി സോമൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി ശ്രീദേവി കെ നമ്പൂതിരി | സെക്രട്ടറി | 01-04-2024 | 06-09-2024 |
| ശ്രീ ലോറൻസ് അന്റോണിയോ അൽമേഡ | സെക്രട്ടറി | 07-09-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാധിക ഹരികുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ ജയപ്രകാശ് പി എൻ | എസ്.സി.ഡി.ഒ | 01-04-2024 | 31-03-2025 |
| ശ്രീമതി ലത ഇ വി | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2024 | 10-04-2024 |
| ശ്രീമതി വിദ്യ ഗോപിനാഥ് | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 11-04-2024 | 09-12-2024 |
| ശ്രീമതി സിമി.സി.കെ. | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 10-12-2024 | 31-03-2025 |
| ഡോ വിമല പി പണിക്കർ | മെഡിക്കൽ ഓഫിസർ,സി.എച്ച്.സി | 01-04-2024 | 31-03-2025 |
| ശ്രീ പ്രഭു ടി | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫിസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ബിന്ദുജ.കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 20-07-2024 |
| ശ്രീമതി ജൂണി ജോസ് റോഡ്രിഡ്ജ്സ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-07-2024 | 31-03-2025 |
| ശ്രീമതി രോഷ്ണി എ. | സി.ഡി.പി.ഒ. | 01-04-2024 | 31-03-2025 |
| ശ്രീമതി ഫിബിമോൾ ഫ്രാൻസിസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 14-01-2025 |
| ഒഴിവ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 15-01-2025 | 19-01-2025 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |
| ശ്രീമതി ദിവ്യ മോഹൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 20-01-2025 | 31-03-2025 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ഉൾപ്പടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെൻറിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിൻറെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | സുലേഖ സ്റ്റേറ്റ്മെൻറുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | പട്ടിക ജാതിവനിത ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം-മോണിറ്ററിംഗ് നടപ്പിലാക്കിയിട്ടില്ല | 1-10 |
| 15 | വനിത ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം-മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കിയിട്ടില്ല. | 1-11 |
| 16 | വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ വിവിധ വാർഡുകളിൽ തോട് ആഴം കൂട്ടൽ-മണ്ണ് ലേലം ചെയ്തിട്ടില്ല | 1-12 |
| 17 | ബ്ലോക്ക് പഞ്ചായത്ത് വളപ്പ് ചുറ്റുമതിൽ നിർമ്മാണം-അപാകതകൾ. | 1-13 |
| 18 | പരിശീലനത്തിന് തുക ചെലവഴിച്ചു-പ്രോജക്ട് ലക്ഷ്യം കണ്ടില്ല | 1-14 |
| 19 | മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെയിൻറനൻസ് ഫണ്ട് ചെലവഴിച്ചു-സാധൂകരണം ലഭ്യമാക്കേണ്ടതാണ്. | 1-15 |
| 20 | പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം - അവശ്യ രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 1-16 |
| 21 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 22 | എസ്.സി വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം-ഫലപ്രാപ്തിയിൽ എത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-18 |

| | | |
|---|---|---|
| 23 | മരുന്ന് പൂർണമായി ലഭ്യമായില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-19 |
| 24 | ബ്ലോക്ക് ഓഫീസ് കെട്ടിടം-രണ്ടാം നില-അടിസ്ഥാന സൗകര്യ വികസനം-ആദായനികുതി ഈടാക്കിയില്ല | 1-20 |
| 25 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകത | 1-21 |
| 26 | സംയോജിത പൊക്കാളി കൃഷി - നെല്ല് താറാവ് - മീൻ പ്രോജക്ടിലെ അപാകതകൾ | 1-22 |
| 27 | വനിതാ ഗ്രൂപ്പികൾക്ക് കിഴങ്ങ് വർഗ്ഗ കൃഷി-അപാകതകൾ | 1-23 |
| 28 | കറവ പ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി പദ്ധതി - അപാകതകൾ | 1-24 |
| 29 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും-അവലോകനം | 1-25 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച വിവരം | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടു വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ/ വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 09.06.2025 ലെ കമ്മിറ്റി തീരുമാനം 1(6) പ്രകാരം തയ്യാറാക്കി 19.06.2025 തീയതിയിൽ പിന്നുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം
തീയതി: 11.09.2025

ജോയിന്റ് ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക പത്രികയിൽ ഉൾപ്പെടുത്തേണ്ടതായ പത്രികകളായ റേഷ്യോസ്, കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹26,98,472/-യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹29,95,778/-യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-3 സുലേഖ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

ധനകാര്യ പത്രികയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്ക് തുകയും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും തമ്മിൽ ₹5,79,765/- വ്യത്യാസം കാണുന്നുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് തുകയും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും തമ്മിൽ ₹3,83,468/- വ്യത്യാസം കാണുന്നുണ്ട്.

### 1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിൽ വിവിധ ഇനങ്ങൾക്ക് നൽകിയ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച രജിസ്റ്റർ കൃത്യമല്ല. രജിസ്റ്റർ കാലികമാക്കി ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. ബി7 ഷെഡ്യൂളിലെ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

### 1-2 ബജറ്റ്

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് 08.02.2024 -ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ റിവൈസ്ഡ് ബജറ്റ് 10.03.2025 ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

| | ഒറിജിനൽ ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | ₹39,76,572 | 39,76,572 |
| വരവ് | ₹2,99,591,120/- | 25,95,43,469 |
| ആകെ | ₹30,35,67,692/- | 26,35,20,041 |
| ചെലവ് | ₹30,11,01,380/- | 26,28,10,952 |
| നീക്കിയിരിപ്പ് | ₹24,66,312/- | 7,09,089 |

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | ₹ 1,98,62,635.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹ 9,11,56,662.00 |
| ആകെ | : | ₹11,10,19,297.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹ 9,15,51,474.00 |
| നീക്കിയിരുപ്പ് | : | ₹1,94,67,823.00 |

(വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ്സ് & പേയ്മെന്റ് അക്കൗണ്ട് അടിസ്ഥാനമാക്കിയാണ് വരവ് ചെലവ് ചേർത്തിരിക്കുന്നത്. പ്രസ്തുത കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.)

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (എസിആർ പ്രകാരം) (₹) | ആകെ (₹) | ചെലവ് (എസിആർ പ്രകാരം) (₹) | ചെലവഴിക്കാതെ ലാപ്സായ തുക (₹) | നീക്കിയിരുപ്പ് തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 23538000 | 23538000 | 23423364 | 114636 | |
| വികസന ഫണ്ട് (എസ്.സി.പി) | - | 14058000 | 14058000 | 13585733 | 472267 | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | - | 69000 | 69000 | 42499 | 26501 | |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | 21151000 | 21151000 | 20417433 | 733567 | |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) | 5108621 | 4246289 (A) | 9354910 | 5408488 (B) | | 39,46,422 |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied)ട്രഷറി | | 889225 | 889225 | 578885 | 310340 | |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 1760991 | 8766000 | 10526991 | 8367773 | - | 2159218 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| 320100115 ടോട്ടൽ സാനിട്ടേഷൻ | 340780 | 9276 | 350056 | - | - | 350056 |
| 320100199 ഹെൽത്ത് ഗ്രാന്റ് | 232266 | 2905238 | 3137504 | 0 | - | 3137504 |
| 320200399 ഐ.എ.വൈ സംസ്ഥാന വിഹിതം | 2406 | 68 | 2474 | - | - | 2474 |
| 320300199 മറ്റ് ഗവൺമെന്റ് ഏജൻസീസ് | 2297335 | 553641 | 2850976 | 455928 | - | 2395048 |
| 320700203 സംയുക്ത പ്രോജക്ട് - ഗ്രാമ പഞ്ചായത്ത് | 1857366 | 86636 | 1944002 | 1885262 | | 58740 |
| 320700205 സംയുക്ത പ്രോജക്ട് - ജില്ലാ പഞ്ചായത്ത് | 1362862 | 0 | 1362862 | 1362862 | | 0 |
| 320700403 ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് മാനേജ്മെന്റ് പ്രോഗ്രാം | 6857459 | 201580 | 7059039 | 0 | | 7059039 |
| 320200205 സോഷ്യൽ വെൽഫയർ ക്യാപ്പിറ്റൽ | 0 | 50000 | 50000 | 50000 | | 0 |
| 320200322 ശുചിത്വ മിഷൻ | | 39199 | 39199 | 39199 | | 0 |

(A) ധനകാര്യ കമ്മീഷൻ അവാർഡ്(UnTied) ന്റെ വരവിൽ അലോട്ട്മെന്റ് – ₹4859620/- ഇതിൽ 889225/- (444613 + 444612) ട്രഷറി വഴി വന്നതിൽ ₹578885/- ചെലവഴിച്ചത്, ബാങ്ക് പലിശ – ₹236143/- , സിൻസൺ ജോസഫിൽ നിന്നും റീഫണ്ട് ലഭിച്ച തുക ₹39751/- എന്നിവ ഉൾപ്പെടുന്നു.
(B) ധനകാര്യ കമ്മീഷൻ അവാർഡ് (UnTied) ന്റെ ചെലവ് I-6 ഷെഡ്യൂൾ പ്രകാരം ₹2517661/- ആണ്. പ്രോജക്ട് നം. 68/25, 228/25 എന്നിവ പ്രകാരം ചെലവഴിച്ച ₹2890827/- I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത്-എണ്ണം | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് – എണ്ണം | നടപ്പാക്കാത്തവ -എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 209 | 106567053 | 161 | 77030821 | 32 | 16 | 61.72% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമപദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2025 തീയതിയിൽ ഉച്ചയ്ക്ക് 3 പി.എം. സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ഇല്ലായെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബജറ്റ് അപ്രോപ്രിയേഷൻ കൺട്രോൾ ഉറപ്പാക്കുന്നില്ല :
പഞ്ചായത്ത് തനത് ഫണ്ട് വിനിയോഗത്തിൽ ബില്ലുകളിൽ ബജറ്റ് ഹെഡ് രേഖപ്പെടുത്തുകയോ തുക വിനിയോഗം സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ഇതിനാൽ ചെലവ് തുകകളുടെ ബജറ്റ് മാനേജ്മെന്റ് പരിശോധിക്കുവാൻ കഴിയുന്നില്ല. ചെലവുകൾ പാസാക്കുന്ന അധികാരി ബജറ്റ് പ്രൊവിഷൻ ഉറപ്പാക്കി മാത്രം തുക വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല :
വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിംഗിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിംഗ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

## 1-10 പട്ടിക ജാതിവനിത ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം- മോണിറ്ററിംഗ് നടപ്പിലാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 122/25, പട്ടികജാതി വനിത ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം |
| അടങ്കൽ | 7,50,000/-(എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| ചെലവ് വിവരം | 375,000/- (ബിൽ നമ്പർ/തീയതി – 17/17.05.2024) |

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ രണ്ട് പേർ അടങ്ങുന്ന എ.കെ സ്വയംസഹായ സംഘം ഗ്രൂപ്പിന് തുക അനുവദിച്ചിട്ടുണ്ട്. വായ്പാ ബന്ധിതമായിട്ടാണ് പ്രോജക്ട് നടപ്പിലാക്കിയത്. സബ്സിഡി തുക ബാങ്കിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും വായ്പയിലേക്ക് വരവ് വെച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. കൂടാതെ ഈ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/ തീയതി-10/10.07.2025) ന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടിന്റെ മോണിറ്ററിംഗ് വിലയിരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ നിയോഗിക്കേണ്ടതാണ്. അത്തരം മോണിറ്ററിംഗ് നടത്തി പ്രോജക്ട് വിജയകരമായി നടക്കുന്നുണ്ടെന്നും , ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച സബ്സിഡി തുക വായ്പാ തുകയിൽ നിന്നും ബാങ്ക് സമയബന്ധിതമായി കുറവ് വരുത്തിയിട്ടുണ്ടോയെന്നും പരിശോധിച്ച് ഉറപ്പു വരുത്തുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വനിത ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം-മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 121/25, വനിത ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ധനസഹായം |
| അടങ്കൽ | 7,50,000/-(വികസന ഫണ്ട് ജനറൽ ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| ചെലവ് വിവരം | 375,000/- (ബിൽ നമ്പർ/തീയതി-18/09.05.2024) |

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ രണ്ട് പേർ അടങ്ങുന്ന ഗ്രൂപ്പിന് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല. വായ്പാ ബന്ധിതമായിട്ടാണ് പ്രോജക്ട് നടപ്പിലാക്കിയത്. സബ്സിഡി തുക ബാങ്കിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും വായ്പയിലേക്ക് വരവ് വെച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. പ്രോജക്ടിന്റെ മോണിറ്ററിംഗ് വിലയിരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്, വ്യവസായ വകുപ്പ് നിയോഗിച്ചിട്ടുള്ള ഇന്റേൺ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഒരു സമിതിയെ നിയോഗിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി-13/10.07.2025) ന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടിന്റെ കൃത്യമായ മോണിറ്ററിംഗ് നടത്തി പ്രോജക്ട് വിജയകരമായി നടക്കുന്നുണ്ടെന്നും , ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച സബ്സിഡി തുക വായ്പാ തുകയിൽ നിന്നും ബാങ്ക് സമയബന്ധിതമായി കുറവ് വരുത്തിയിട്ടുണ്ടോയെന്നും പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിൽ വിവിധ വാർഡുകളിൽ തോട് ആഴം കൂട്ടൽ-മണ്ണ് ലേലം ചെയ്തിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെചേർത്ത പ്രവൃത്തികളിൽ തോട് ക്ലീനിംഗ് പ്രവൃത്തി നടപ്പിലാക്കിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ 260 മീറ്റർ നീളത്തിൽ 50 സെന്റീമീറ്റർ മുതൽ 60 സെന്റീമീറ്റർ വരെ ആഴത്തിൽ മണ്ണ് കുഴിച്ച് മാറ്റി തോട് വൃത്തിയാക്കുന്നതാണ് പ്രവൃത്തി. മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ലഭിച്ച മണ്ണ് ലേലം ചെയ്തതായി കാണുന്നില്ല.

| നമ്പർ | ചെയ്ത പ്രവൃത്തിയുടെ വിവരം | ലഭിച്ച മണ്ണ് | ഉപയോഗ പ്രദമായ മണ്ണ് | കണക്കാക്കിയ തുക | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | നീന്തം തോട് റീച്ച്-2, വാർഡ്-14 പള്ളിപ്പുറം പഞ്ചായത്ത് – ആകെ ചെലവ്-87769 | 545.47 എം3 | 357.28 | 357.28 X 90 =32155 | XVFC/2024-25/ P/123/18.03.2025 |
| 2 | സഹോദരൻ റോഡിന് സമീപമുള്ള തോട് ആഴം കൂട്ടൽ വാർഡ് – 19 പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് അടങ്കൽ – 100000 ആകെ ചെലവ് -76070 | 488.89 | 293.30 | 293.30 X 90 = 26397 | XVFC/2024-25/ P/182/25.03.2025 |
| 3 | പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് വാർഡ്-7,8 തുക്കടാപ്പിള്ളി തോട് ആഴം കൂട്ടൽ | 620.90 | 372.84 | 372.84 X 90 = 33555 | XVFC/2024-25/ P/92/11.03.2025 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ-100000<br>ആകെ ചെലവ് – 84655 | | | | |
| 4 | പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് ആരോമ തോട് ഡീപ്പണിംഗ് വാർഡ്-3<br>അടങ്കൽ – 100000<br>ആകെ ചെലവ് – 83045/- | 616.46 | 369.87 | 369.87X90 = 33288 | XVFC/2024-25/ P/128/19.03.2025 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ/തീയതി-14/10.07.2025)ന് മറുപടി ലഭ്യമാക്കിയില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും ലഭ്യമായ മണ്ണ് വിവിധ പഞ്ചായത്തുകളോട് ലേലം ചെയ്യുന്നതിനായി പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയതായി കണ്ടു. മണ്ണ് ലേലം ചെയ്തതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ബ്ലോക്ക് പഞ്ചായത്ത് വളപ്പ് ചുറ്റുമതിൽ നിർമ്മാണം-അപാകതകൾ.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 151/25, ബ്ലോക്ക് പഞ്ചായത്ത് വളപ്പ് ചുറ്റുമതിൽ നിർമ്മാണം |
| അടങ്കൽ | 15,50,000/- (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് )<br>300,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് വിവരം | 12,41,285/- (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്)<br>ബിൽ നമ്പർ/തീയതി – 414/04.02.2025<br>300,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ആകെ – 15,41,285/- |
| കരാറുകാരൻ | അൽ അമീൻ എം.എ |

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ ചുറ്റുമതിൽ നിർമ്മാണം പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് മുതലായ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ചില ഭാഗങ്ങളിൽ ജെ.സി.ബി കടന്നു ചെല്ലാൻ കഴിയാത്തതിനാൽ അതിർത്തിയിലുള്ള മരങ്ങളുടെ കുറ്റി നിൽക്കുന്ന ഇടങ്ങളിൽ ഷോർട്ട് കോളങ്ങളും ബീമും ഉപയോഗിച്ച് ഫൗണ്ടേഷൻ നൽകി അതിന് മുകളിൽ മതിൽ പണിയുകയാണ് ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് മിച്ചം വന്ന തുകയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കോംബൗണ്ടിൽ ടൂ വീലർ പാർക്കിംഗ് ഭാഗത്ത് 80എം.എം ഇന്റർലോക്കിംഗ് കട്ട വിരിക്കുന്നതും ബ്ലോക്ക് പഞ്ചായത്തിന്റെ റൂഫ് ടോപ്പിൽ വാട്ടർപ്രൂഫിംഗ് ചെയ്യുന്നതും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇ-എം.ബുക്ക് പരിശോധിച്ചതിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

1) ചുറ്റുമതിൽ പോലുള്ള പ്രവൃത്തികളിൽ ബെൽറ്റ് നിർമ്മിക്കുന്നതിന് Centering& Shuttering (5.9.1)പകരം Centering& Shuttering (5.9.5) ആണ് അനുവദിച്ചിരിക്കുന്നത്.

| ചെയ്ത അളവ് | അനുവദിച്ച ഇനം 5.9.5 Centering & Shuttering | അനുവദിക്കാവുന്നത് 5.9.1 Centering & Shuttering | അധികം നൽകിയത് |
|---|---|---|---|
| 55.451 | 55.451x649.80= 36032 | 55.45x253.872= 14077 | 21955 |

2) എസ്റ്റിമേറ്റ് പ്രകാരം 669.976 എം2 വാൾ പെയിന്റിംഗ് പ്രൈമർ, വാൾ പെയിന്റിംഗ് അക്രിലാക്ക് എമൽഷൻ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ എം ബുക്ക് പരിശോധിച്ചതിൻ പ്രകാരം 669.976 എം2 വാൾ പെയിന്റിംഗ് പ്രൈമർ ഉപയോഗിക്കുകയും 426.995എം2 അക്രിലാക്ക് എമൽഷൻ ഉപയോഗിച്ച് പെയിന്റ് ചെയ്യുകയുമാണ് ചെയ്തത്. പ്രൈമർ ഉപയോഗിച്ചതിന് മുകളിൽ മുഴുവൻ ഏരിയയിലും അക്രിലാക്ക് എമൽഷൻ ഉപയോഗിക്കാതിരുന്നതിന് കാരണം വ്യക്തമല്ല. വില കൂടിയ പെയിന്റ് ഉപയോഗിച്ച് പെയിന്റിംഗ് നടത്തിയത് ഒരു വർഷം തികയുന്നതിന് മുൻപ് തന്നെ പായൽ പോലുള്ള മാലിന്യങ്ങൾ പിടിച്ചിരിക്കുന്നതായി കാണുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ/തീയതി-3/05.07.2025) മറുപടിയിൽ ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിന് അഭിമുഖമായിട്ടുള്ള സൈഡ് മാത്രമാണ് പെയിന്റ് ചെയ്തതെന്നും മതിലിന്റെ പിൻവശം പെയിന്റ് ചെയ്തിട്ടില്ലായെന്നും അറിയിച്ചു. കൂടാതെ മരത്തിന്റെ ചോലയുള്ള ഭാഗങ്ങളിൽ മഴവെള്ളം കൂടുതൽ വീഴുന്നതു കാരണമാണ് പായൽ പിടിച്ചതെന്നും വ്യക്തമാക്കി. കൂടാതെ ഇതിൽ വന്ന സേവിംഗ്സ് മറ്റ് അത്യാവശ്യ പ്രവൃത്തികൾക്ക് ഉപയോഗിച്ചുവെന്നും വ്യക്തമാക്കി. പെയിന്റിംഗ് പോലുള്ള പ്രവൃത്തികൾ പൂർണ്ണമായും വൃത്തിയോടെ ചെയ്യേണ്ടതിന്റെ ആവശ്യകത ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

3) ഇനം -7 ആയി ചെയ്ത സോളിഡ് ബ്ലോക്ക് മേസനറി (50.6.1.5) രണ്ടാം നിലവരെയുള്ള നിരക്കാണ് അനുവദിച്ചിരുക്കുന്നത്. എന്നാൽ 1.5 മീറ്റർ വരെ ഉയരമുള്ള ചുറ്റുമതിൽ പോലെയുള്ള പ്രവൃത്തികൾക്ക് ഇതിന് പകരം സോളിഡ് ബ്ലോക്ക് മേസനറി (50.6.1.1) മാത്രം നൽകിയാൽ മതിയായിരുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി-3/05.07.2025)ന് ലഭ്യമാക്കിയ മറുപടിയിൽ സോളിഡ് ബ്ലോക്ക് മേസനറി രണ്ട് നില വരെ 50.6.1.5 (6 മീറ്റർ വരെ) ഉപയോഗിക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 1.5 മീറ്റർ ചുറ്റുമതിൽ പോലുള്ള നിർമ്മാണത്തിന് സോളിഡ് ബ്ലോക്ക് മേസനറി(50.6.1.1) അനുവദിക്കുകയോ ഒബ്സർവ്വ്ഡ് ഡേറ്റാ തയ്യാറാക്കുകയോ ചെയ്യേണ്ടതാണ്.

### 1-14 പരിശീലനത്തിന് തുക ചെലവഴിച്ചു-പ്രോജക്ട് ലക്ഷ്യം കണ്ടില്ല

| | |
|---|---|
| പ്രോജക്ട്നമ്പർ/ പേര് | 151/25, ദുരന്തനിവാരണ സേന രൂപീകരണം |
| അടങ്കൽ | 1,50,000/- (വികസന ഫണ്ട്) |
| ചെലവ് വിവരം | 28060/-, ബിൽ.നം-649 തീയതി-22.03.25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുമായി സഹകരിച്ച് കാലാവസ്ഥ വ്യതിയാനമുള്ള മേഖലകൾ കണ്ടെത്തി അത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ കണ്ടെത്തി അത്തരം സാഹചര്യങ്ങൾ നേരിടാൻ വേണ്ട പരിശീലനം, തിരഞ്ഞെടുത്ത ആളുകൾക്ക് നൽകാൻ വേണ്ടിയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള പള്ളിപ്പുറം, കുഴുപ്പിള്ളി, നായരമ്പലം, എടവനക്കാട്, ഞാറയ്ക്കൽ പഞ്ചായത്തുകളിലെ ഓരോ വാർഡുകളിൽ നിന്നും രണ്ട് അംഗങ്ങളുടെ വീതം പേരും വിലാസവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കത്തയച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തുകളിൽ നിന്ന് നൽകിയ പരിശീലനത്തിൽ തത്പരരായവരുടെ ലിസ്റ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ രേഖകൾ അനുസരിച്ച് ആകെ ചെലവഴിച്ച 28060/- രൂപയിൽ 25000/-രൂപ ഊണിനും 2500/-രൂപ ലഘുഭക്ഷണത്തിനും 560/-രൂപ സ്റ്റേഷനറിക്കും വേണ്ടിയാണ് ചെലവഴിച്ചിരിക്കുന്നത്. ബില്ലുകളിലെ തീയതി 22.03.25 ആണ്. പരിശീലനം ആര് /ഏത് സ്ഥാപനം മുഖേന നടത്തിയെന്നതിന്റെ രേഖകൾ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പങ്കെടുത്ത ആളുകളുടെ വിവരങ്ങളും (സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തി നൽകിയത്) പരിശീലനം നേടിയ വ്യക്തികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരെ ചേർത്ത് ദുരന്തനിവാരണ സേന രൂപീകരിച്ചതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-6/06.07.2025), പഞ്ചായത്തുകളിലേക്ക് കത്ത് നൽകിയിട്ടും ലിസ്റ്റ് ലഭ്യമാക്കിയില്ലായെന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശത്തിൽ എൻ.എസ്.എസ്, എൻ.സി.സി തുടങ്ങിയവയിൽ അംഗങ്ങളായ കുട്ടികൾക്കും സന്നദ്ധപ്രവർത്തകർക്കും ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ ഒരു ദിവസത്തെ പരിശീലന പരിപാടിയാണ് സംഘടിപ്പിച്ചതെന്നും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സേന രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ദുരന്തനിവാരണ സേന രൂപീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

### 1-15 മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെയിന്റനൻസ് ഫണ്ട് ചെലവഴിച്ചു-സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ് ഫണ്ട് (റോഡിതരം) വകയിരുത്തി തൻവർഷം താഴെപ്പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്റ്റ് നം, പേര് | പദ്ധതി അടങ്കൽ (₹) | ആകെ ചെലവ് (₹) |
|---|---|---|---|
| 1 | 38/25, പാരാമെഡിക്കൽ ജീവനക്കാരുടെ വേതനം | 8,50,000 | 7,32,653 |

| | | | |
|---|---|---|---|
| 2 | 112/25(SO)പാരാമെഡിക്കൽ ജീവനക്കാരുടെ വേതനം | 92,478 | 68,109 |
| 3 | 114/25(SO)<br>മുനമ്പം ആശുപത്രിയിലേക്ക് ഡോക്ടർമാരെ നിയമിക്കൽ | 1,26,652 | 1,07,115 |
| 4 | 126/25(SO), ഡോക്ടറുടെ വേതനം | 57,244 | 57,244 |
| 5 | 37/25, ഡോക്ടറുടെ വേതനം | 7,82,241 | 7,82,241 |
| | ആകെ | | 17,47,362 |

സി.എച്ച്.സിയിലെ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് ആരോഗ്യവകുപ്പിന്റെ അഡ്ഹോക്ക് നിയമന പ്രകാരമുള്ള 2024-25 വർഷത്തെ വേതനം നൽകുന്നതിനാണ് മേൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയത്. മെയിന്റനൻസ് ഗ്രാന്റാണ് (നോൺ റോഡ്) ഇതിനായി വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 19.04.22-ലെ ജി.ഒ(എംഎസ്) 84/22 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതി മാർഗരേഖയുടെ ഖണ്ഡിക 8.7.1 (6) അനുസരിച്ച്, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കരാറടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് അനുവദനീയമായ വേതനം സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിധേയമായി വികസന/തനത് ഫണ്ടിൽ നിന്നാണ് അനുവദിക്കേണ്ടത്. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഇത്തരം ജീവനക്കാരുടെ വേതനം വികസന/ തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണെന്ന് അനുബന്ധമായി പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയുടെ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.22-ലെ ജി.ഒ(എംഎസ്) 115/22 പ്രകാരം പുറപ്പെടുവിച്ചത്) 7.6.1, 7.6.2 എന്നീ ഖണ്ഡികകൾ പ്രകാരവും സർക്കാർ വ്യക്തത വരുത്തിയിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 09.04.2023-ലെ ജി.ഒ(എംഎസ്) 94/23 നമ്പർ ഉത്തരവു പ്രകാരം ഭേദഗതി ചെയ്ത മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾക്ക് തുക ചെലവഴിക്കുന്നത് കർശനമായി നിയന്ത്രിച്ചിട്ടുള്ളതിനാൽ ജീവനക്കാരുടെ വേതനം നൽകാൻ മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചിരിക്കുന്ന ഫണ്ടുകൾക്ക് പകരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ചതിന് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം-7/07.07.2025) മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങൾ എന്ന നിലയിൽ ഞാറയ്ക്കൽ, മുനമ്പം, അയ്യമ്പിള്ളി ആശുപത്രികളുടെ കാര്യക്ഷമമായ പ്രവർത്തനവും രോഗികൾക്ക് പ്രദാനം ചെയ്യുന്ന ആരോഗ്യ സേവനങ്ങളുടെ ഗുണനിലവാരവും ഉറപ്പാക്കുന്നതിന് ഇത്തരം ചെലവുകൾ അനിവാര്യമാണ്. എന്നാൽ ഇത്രയധികം തുക ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാവുന്ന ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്ന് വകയിരുത്താൻ പരിമിതിയുണ്ട്. വികസന ഫണ്ട് വകയിരുത്തി തുക ചെലവഴിക്കുന്നതിന് പകരം മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വകയിരുത്തി ചെലവഴിച്ച നടപടി സർക്കാർ മാർഗ്ഗരേഖയുടെ ലംഘനമാണ്. ആയതിനാൽ ഉചിതമായ അധികാരസ്ഥാനത്ത് നിന്നുള്ള സാധൂകരണം ഈ വിഷയത്തിൽ വാങ്ങേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-16 പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം -അവശ്യ രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രോജക്റ്റ് നം, പേര് | അടങ്കൽ(₹) | ചെലവ്(₹) | ബിൽ.നം തീയതി |
|---|---|---|---|
| 120/25(SO) ,<br>പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, സ്കോളർഷിപ്പ് | ടിഎസ് പി-12499<br>തനത്ഫണ്ട്-31994<br>ആകെ-44493 | ടിഎസ് പി-12499<br>തനത്ഫണ്ട്-31994<br>ആകെ-44493 | 31/09.05.24 |

മേൽ പ്രോജക്റ്റ് നടപ്പാക്കുന്നതിലേക്കായി സ്കൂൾ ബാഗ്, കുട , നോട്ട് ബുക്കുകൾ, പേന, പെൻസിൽ എന്നീ പഠനോപകരണങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങി വിദ്യാർത്ഥികൾക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളായ 8 വിദ്യാർത്ഥികളുടെ (ദിവ്യ കട്ടേയത്ത്, കാവ്യ കട്ടേയത്ത്, സോമലത നെടുംപറമ്പിൽ, ധനശ്രീ നെടുംപറമ്പിൽ, അഭിമന്യൂ.പി.എ പെരുംപടപ്പിൽ, ശീതൾ പി.എം പുതുവേലിപ്പറമ്പ്, സച്ചിൻ പി.എം പുതുവേലിപ്പറമ്പ്, ശിവാനി പി.എം പുതുവേലിപ്പറമ്പ്) അപേക്ഷകൾ, ജാതി സർട്ടിഫിക്കറ്റ്, ആധാർ പകർപ്പ്, സ്കൂൾ അധികൃതരിൽ നിന്നുള്ള സാക്ഷ്യപത്രം, ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും ഇതേ ആനുകൂല്യം തൻവർഷം ലഭ്യമായിട്ടില്ലായെന്ന സാക്ഷ്യപത്രം എന്നീ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയവ ഹാജരാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം- 8/07.07.2025) മറുപടി ലഭ്യമാക്കിയില്ല. അവശ്യരേഖകളുടെ

അഭാവത്തിൽ ചെലവ് (44493/- രൂപ) തടസ്സപ്പെടുത്തുന്നു.

1-17 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിന് താഴെ ചേർക്കും പ്രകാരം വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗവിവരം ലഭ്യമാക്കിയില്ല (എൻക്വയറി നം-5/06.07.2025 )

| പ്രൊജക്റ്റ് നമ്പർ പേര് | ആകെ അടങ്കൽ | ആകെ ചെലവ് | ബിൽ.നം, തീയതി | ഏജൻസി |
|---|---|---|---|---|
| 129/25(SO) , കുടിവെള്ള പൈപ്പ് ലൈൻ അറ്റകുറ്റപണിയും നീട്ടി സ്ഥാപിക്കലും | 28,12,000/- (ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ) | 28,11,900 | 1)280/11.12.24, 860000/- 2)424/05.02.25 10,40,000/- 3)423/05.02.25 145000/- 4)676/26.03.25 766900/- | എക്സിക്യൂട്ടീവ് എൻജിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, കൊച്ചി |
| 202/25, കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 5,45,000/- (ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ) | 5,45,000 | 675/26.03.25 | |

വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നത് വരെ ആകെ ചെലവ് തുക (₹33,56,900/-) തടസ്സപ്പെടുത്തുന്നു.

1-18 എസ്.സി വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം-ഫലപ്രാപ്തിയിൽ എത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ്നമ്പർ/ പേര് | 256/25, എസ്.സി വനിതകൾക്ക് സ്വയം തൊഴിൽ പരിശീലനം |
| അടങ്കൽ | 8,27,500/-( എസ്.സി.പി) |
| ചെലവ് വിവരം | 4,13,000/- ബിൽ.നം-637 തീയതി-21.03.25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

അസാപ് (അഡീഷണൽ സ്കിൽസ് ഡെവലപ്മെന്റ് പ്രോഗ്രാം) മുഖേന 20 എസ്.സി വനിതകൾക്ക് ആർട്ടിസനൽ ബേക്കറി കോഴ്സിന്റെ ഭാഗമായി പരിശീലനം നൽകുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ഒരാൾക്ക് ₹41300/- നിരക്കിൽ ആകെ കോഴ്സ് ഫീ ₹8,26,000/-യാണ്. 200 മണിക്കൂറാണ് (8 HOURS PER DAY) കോഴ്സ് ദൈർഘ്യം. പ്രൊപ്പോസൽ അനുസരിച്ച് കരാർ ഒപ്പ് വച്ച് കോഴ്സ് തുടങ്ങുന്നതിന് മുമ്പ് ആകെ തുകയുടെ 50 ശതമാനവും പരിശീലനം 50% പൂർത്തിയാകുമ്പോൾ 30 ശതമാനവും പരിശീലനം 100% പൂർത്തിയാകുമ്പോൾ 20 ശതമാനവും വും തുക അസാപിന് അനുവദിക്കണം. 21.03.2025 ൽ കരാർ ചമച്ചതിന്റെ അടിസ്ഥാനത്തിലാണ് ആകെ തുകയുടെ 50% ( ₹413000/-) മേൽ പ്രോജക്ട് മുഖേന അസാപിന് നൽകിയിട്ടുള്ളത്. ബ്ലോക്കിന്റെ കീഴിലുള്ള എടവനക്കാട്, നായരമ്പലം, കുഴുപ്പിള്ളി, ഞാറയ്ക്കൽ, പള്ളിപ്പുറം പഞ്ചായത്തുകളിൽ നിന്നായി 20 വനിതകളെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ തുടർവിവരങ്ങൾ ഫയലിൽ ലഭ്യമായില്ല. കരാർ വച്ചിട്ട് മൂന്ന് മാസം പിന്നിട്ട സാഹചര്യത്തിൽ പരിശീലനത്തിന്റെ വിശദാംശങ്ങൾ (പരിശീലന സ്ഥലം, പഠിതാക്കളുടെ ഹാജർ) ലഭ്യമാക്കേണ്ടതും പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-9/07.07.25 ) നൽകിയതിന് പഠിതാക്കളുടെ ഹാജർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഹാജരാക്കി. ആയത് പ്രകാരം 2025 മേയ്, ജൂൺ, ജൂലൈ മാസങ്ങളിലായി 37 ദിവസം പരിശീലനം ബ്ലോക്കിൽ വച്ച് നൽകിയിട്ടുണ്ട്. പരിശീലന പരിപാടി പൂർത്തിയായതായും അറിയിച്ചു. എന്നാൽ പരിശീലനത്തിനായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട പഞ്ചായത്തുകളിലെ ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ഇവരുടെ പേരുകൾ അടുത്ത ഗ്രാമസഭയിൽ വച്ച് സാധൂകരിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് സെക്രട്ടറി പഞ്ചായത്തുകൾക്ക് കത്തയച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു. ഇവർക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര്, വാർഡ് നം |
|---|---|
| നായരമ്പലം ഗ്രാമപഞ്ചായത്ത് | |
| 1 | അജിതകുമാരി കെ എൻ, വാർഡ്- 3 |
| 2 | ലത, വാർഡ്- 3 |
| 3 | അനുജ സി.എ, വാർഡ്- 15 |
| 4 | അഷിത അജയൻ, വാർഡ്- 6 |
| 5 | നജ്മകുമാരി വാർഡ്- 3 |
| 6 | സിജിമോൾ കെ സി, വാർഡ്- 10 |
| 7 | സുജമോൾ ടി എസ് വാർഡ്- 15 |
| 8 | സുനിത വാർഡ്- 3 |
